**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1033** **10-06-2021 - ൽ മറുപടിയ്ക്ക്**

**ചരിത്രസ്മാരകങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീമതി ഒ എസ് അംബിക | | **Shri Ahammad Devarkovil**<br>(തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചരിത്രപ്രാധാന്യമുള്ള പൈതൃക സ്മാരകങ്ങളെയും പുരാവസ്തുക്കളെയും സംരക്ഷിക്കുന്നതിന് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | ദേശീയ പ്രാധാന്യം ഇല്ലാത്തതും നൂറു വർഷത്തിലേറെ പഴക്കം ഉള്ളതും ചരിത്രപരമായും, കലാപരമായും പുരാവസ്തുപരമായും പ്രാധാന്യം ഉള്ളതുമായ സ്മാരകങ്ങളെയാണ് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം സംരക്ഷിത സ്മാരകങ്ങൾ (പ്രാചീന സ്മാരകങ്ങൾ) ആയി സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. നിലവിൽ ഇത്തരത്തിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ 185 സംരക്ഷിത സ്മാരകങ്ങൾ നിലവിൽ ഉണ്ട്. പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥരുടെ പരിശോധനയിൽ കണ്ടെത്തുന്നതോ, വ്യക്തികളിൽ നിന്നോ ഏതെങ്കിലും സ്ഥാപനം, സംഘടന എന്നിവയിൽ നിന്നോ ലഭിക്കുന്ന നിവേദനങ്ങളിൽ പരാമർശിക്കുന്നവ പരിശോധിച്ച് യോഗ്യമാണെന്ന് കണ്ടെത്തുന്നവയോ ആയ സ്മാരകങ്ങളെയാണ് നിലവിൽ പ്രാചീന സ്കാരകങ്ങുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന്പുരാവസ്തു വകുപ്പ് നടപടികൾ സ്വീകരിക്കുന്നത്. ഫീൽഡ് പരിശോധനകൾ ഉത്ഖനനങ്ങൾ എന്നിവയിലൂടെ വെളിപ്പെടുന്നതും, കണ്ടെത്തുന്നതുമായ പുരാവസ്തുക്കൾ വകുപ്പ് ഏറ്റെടുക്കുയും സംരക്ഷിക്കുകയും ചെയ്തുവരുന്നു. ചരിത്രപരവും പുരാവസ്തു പരവുമായി പ്രാധാന്യമുള്ള സ്മാരകങ്ങൾ പരിശോധിക്കുന്നതിനും സംരക്ഷിക്കുന്നതിനും പുരാതത്വപരമായി പ്രാധാന്യമുള്ള പ്രദേശങ്ങളിൽ പരിശോധനകളും ഉത്ഖനനങ്ങളും നടത്തി പുരാവസ്തുക്കൾ കണ്ടെത്തി സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ പുരാവസ്തു വകുപ്പ് ശക്തിപ്പെടുത്തുന്നതാണ്. |
| (ബി) | ചരിത്രസ്മാരകങ്ങളെ സംരക്ഷിക്കുന്നതിനും അവയിൽ കാലികമായ പരിശോധന നടത്തി | (ബി) | കേരള പുരാവസ്തു വകുപ്പിന് കീഴിൽ ഒരു ഘടന സംരക്ഷണ വിഭാഗവും ഒരു രാസ സംരക്ഷണ |

| | | | |
|---|---|---|---|
| | ജീർണ്ണതയും കേടുപാടുകളും ബാധിച്ചവയെ പൂർവ്വസ്ഥിതിയിലാക്കുന്നതിനും അവലംബിക്കുന്ന ശാസ്ത്രീയ മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | | വിഭാഗവും പ്രവർത്തിച്ചു വരുന്നു. മേൽ വിഭാഗങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥർ സമയാസമയങ്ങളിൽ സ്മാരകങ്ങൾ പരിശോധിക്കുകയും ജീർണ്ണതകൾ തിട്ടപ്പെടുത്തിയ ശേഷം ആവശ്യമായ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിപ്പോരുകയും ചെയ്യുന്നു. സ്മാരകങ്ങളുടെ പൗരാണികതയ്ക്ക് ഒട്ടും കോട്ടം തട്ടാതെയുള്ള സംരക്ഷണ പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തുന്നത്. സ്മാരകങ്ങളുടെയും പുരാവസ്തുക്കളുടെയും സംരക്ഷണത്തിന്റെ കാര്യത്തിൽ പ്രിവന്റീവ് ആയ സമീപനമാണ് പ്രാഥമികമായി പുരാവസ്തു വകുപ്പ് കൈക്കൊണ്ടുവരുന്നത്. |
| (സി) | നാടിന്റെ ചരിത്രം, ചരിത്ര സൂക്ഷിപ്പുകൾ എന്നിവയുടെ പ്രാധാന്യം സംബന്ധിച്ച് യുവതലമുറയിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | നാടിന്റെ ചരിത്രം , ചരിത്ര ശേഷിപ്പുകൾ എന്നിവ സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചു യുവതല മുറയിൽ അവബോധം സൃഷ്ടിക്കുന്നതിന് പുരാവസ്തു പ്രദർശനങ്ങൾ, സെമിനാറുകൾ, പുരാവസ്തു പ്രസിദ്ധീകരണങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വകുപ്പിന്റെ കീഴിലുള്ള 15 മ്യൂസിയങ്ങൾ പൈതൃക അവബോധം സൃഷ്ടിയ്ക്കുന്ന കാര്യത്തിൽ ഏറ്റവും വലിയ ജനകീയ വിദ്യാഭ്യാസ ശൃംഖലയായി പ്രവർത്തിക്കുന്നു. ഇതു കൂടാതെ വകുപ്പ് ഒരു വെബ്സൈറ്റും ഒരു യൂട്യൂബ് ചാനലും ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ, പുതിയ സങ്കേതങ്ങൾ കൂടി ഉപയോഗപ്പെടുത്തി വിപുലപ്പെടുത്തുന്നതിന് പുരാവസ്കു വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്. നാടിന്റെ ചരിത്രം, ചരിത്ര സൂക്ഷിപ്പുകൾ എന്നിവയുടെ പ്രാധാന്യം സംബന്ധിച്ച് യുവതലമുറയിൽ അവബോധം സൃഷ്ടിക്കുന്നതിനായി പുരാരേഖാ വകുപ്പിൽ സൂക്ഷിച്ചു പോരുന്ന അമൂല്യങ്ങളായ ചരിത്ര രേഖകൾ ഉപയോഗപ്പെടുത്തി ഗവേഷണത്തിനായി എത്തുന്ന വിദ്യാർത്ഥികൾക്ക് വകുപ്പ് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു പഠന ഗവേഷണ സ്ഥാപനമായി നിലകൊള്ളുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഹെറിറ്റേജ് ക്ലബ്ബുകൾ സ്ഥാപിച്ചിട്ടുണ്ട്. ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച വെയ്ക്കുന്ന ഹെറിറ്റേജ് ക്ലബ്ബുകൾക്ക് ഹെറിറ്റേജ് ഗ്രാന്റ്, അവാർഡ് എന്നിവ നൽകി വരുന്നു. കൂടാതെ ടി ഹെറിറ്റേജ് ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ചരിത്ര ക്വിസ് സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. ചരിത്ര ക്വിസിൽ പങ്കെടുത്തു വിജയിക്കുന്ന കുട്ടികളെയും അവരുടെ രക്ഷിതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് ചരിത്ര പഠനയാത്ര, ചരിത്ര പഠന ക്യാമ്പ് എന്നിവയും പുരാരേഖാവകുപ്പ് സംഘടിപ്പിച്ചുവരുന്നു. പുരാരേഖാ |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ പ്രാധാന്യവും പ്രവർത്തനങ്ങളും അടുത്തറിയുന്നതിനായി സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് "കുട്ടികൾ - ആർക്കൈവ്സിന്റെ കൂട്ടുകാർ" എന്ന പേരിൽ ദ്വിദിന സെമിനാർ സംഘടിപ്പിച്ചുപോരുന്നു. കൂടാതെ യുവാക്കളിലും വിദ്യാർത്ഥികളിലും ചരിത്രാവബോധം വളർത്തുന്നതിനായി ചരിത്ര സെമിനാറുകൾ. ചർച്ചകൾ, എക്സിബിഷനുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ